# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2201 — 18.06.2013-ൽ മറുപടിക്ക്

## ഭവനരഹിതരുടെ വിവരശേഖരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ: | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്തെ ഭവനരഹിതരുടെ എണ്ണം എത്രയെന്ന വിവരം ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഭവനരഹിതരായ എത്ര കുടുംബങ്ങൾ സംസ്ഥാനത്തുണ്ടെന്ന് ജില്ലാടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കാമോ; | (എ) സംസ്ഥാനത്തെ ഭവനരഹിതരുടെ എണ്ണം ശേഖരിച്ചിട്ടില്ല. എന്നാൽ സർക്കാർ അംഗീകരിച്ച പാർപ്പിട നയത്തിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട് റൂറൽ ഡെവലപ്പ്മെന്റ് കമ്മീഷണറേറ്റ്, അർബൻ അഫയേഴ്സ് വകുപ്പ് എന്നീ കാര്യാലയങ്ങളിൽ നിന്ന് ശേഖരിച്ച ജില്ലാ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. (അനുബന്ധം I) |
| (ബി) സംസ്ഥാനത്തെ ഭവനരഹിതർക്ക് ഭവനം നിർമ്മിച്ച് നൽകുന്നതിനായി നിലവിൽ എന്തെല്ലാം പദ്ധതികൾ ആണ് നടപ്പിലാക്കിയിട്ടുള്ളത്; ഓരോന്നിന്റെയും വിശദാംശം ലഭ്യമാക്കാമോ; | (ബി) ഭവന നിർമ്മാണ വകുപ്പ് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കി വരുന്ന സുരക്ഷാ ഭവന പദ്ധതി, ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി, സാഫല്യം ഭവന പദ്ധതി, കോഴിക്കോട് ബംഗ്ലാദേശ് കോളനി പുനർനിർമ്മാണം എന്നിവയും, ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്ന ദേശീയ മത്സ്യതൊഴിലാളി ഭവന പദ്ധതി, പട്ടിക ജാതി വികസന വകുപ്പും പട്ടിക വർഗ്ഗ വികസന വകുപ്പും നടപ്പിലാക്കുന്ന ഭവന പദ്ധതികൾ, സൈനീക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന വിമുക്ത ഭടന്മാർക്കുള്ള ഭവന പദ്ധതികൾ, തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളായ ഇന്ദിര ആവാസ് യോജന, രാജീവ് ആവാസ് യോജന, ബി. എസ്.യു.പി, ഐ.എച്ച്.എസ്.ഡി.പി, ലേബർ വകുപ്പ് നടപ്പിലാക്കുന്ന ബീഡി തൊഴിലാളികൾക്കുള്ള റിവൈസ്ഡ് ഇന്റഗ്രേറ്റഡ് ഭവന പദ്ധതി |

(കേന്ദ്ര സർക്കാർ പദ്ധതി) മുതലായവയാണ് നിലവിൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന വിവിധ ഭവന പദ്ധതികൾ. വിശദാംശം അനുബന്ധം 2 ആയി ചേർക്കുന്നു.

(സി) 'സങ്കേതം' ഹൗസിംഗ് പദ്ധതി എന്നു മുതൽ നടപ്പിലാക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്; ഏത് ഏജൻസി മുഖേനയാണ് പ്രസ്തുത സ്കീം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; അതിന്റെ വിശദാംശം ലഭ്യമാക്കുമോ?

(സി) ഇടത്തരവരുമാനക്കാർക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമിയിൽ സർക്കാരിന്റെയും, ധനകാര്യ സ്ഥാപനങ്ങളുടെയും സഹായത്തോടെ ഗുണഭോക്തൃ വിഹിതം ഉപയോഗിച്ച് ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകുന്ന പദ്ധതിയാണ് സങ്കേതം ഭവന പദ്ധതി. പദ്ധതി ഭവന നിർമ്മാണ ബോർഡ് മുഖേനെയാണ് നടപ്പിലാക്കുന്നത്. പദ്ധതിയ്ക്ക് 08.05.2013-ലെ സ.ഉ (എം.എസ്) നം. 15/2013/ഭവനം നമ്പർ സർക്കാർ ഉത്തരവിലൂടെ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പഞ്ചായത്തിന്റെ ഭൂമിയിൽ 400 ച.അടി വിസ്തീർണ്ണം വരുന്ന ഒരു ഫ്ലാറ്റിന്റെ നിർമ്മാണച്ചെലവായ 5 ലക്ഷം രൂപയിൽ 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയും, 2 ലക്ഷം രൂപ പഞ്ചായത്തുകൾ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സമാഹരിക്കുന്ന വായ്പയും, ബാക്കി 1 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതവുമാണ്. പഞ്ചായത്ത് നൽകുന്ന ഭൂമിയിൽ ബോർഡ് ഫ്ലാറ്റുകൾ നിർമ്മിച്ച് ഗുണഭോക്താവിന് അലോട്ട് ചെയ്യുന്നതിനായി പഞ്ചായത്തിന് കൈമാറുന്നതും വായ്പ തിരിച്ചടവിനായി പഞ്ചായത്തുമായി കരാറിലേർപ്പെട്ടതിന് ശേഷം ഗുണഭോക്താവിന് ഫ്ലാറ്റുകൾ സ്വന്തമാക്കാവുന്നതുമാണ്.

സെക്ഷൻ ഓഫീസർ

# അനുബന്ധം I

| S.L. No. | Name of District | No of landed but homeless people | | | No of landless and homeless people | | |
|---|---|---|---|---|---|---|---|
| | | Urban Affairs Dept | CRD | Total | Urban Affairs Dept | CRD | Total |
| 1 | Thvpm | 4180 | 38740 | **42920** | 6914 | 9019 | **15933** |
| 2 | Kollam | 4793 | 36813 | **41606** | 11009 | 15558 | **26567** |
| 3 | Pathanamthitta | 731 | 33595 | **34326** | 767 | 14893 | **15660** |
| 4 | Alappuzha | 2875 | 14926 | **17801** | 1556 | 2478 | **4034** |
| 5 | Kottayam | 489 | 13812 | **14301** | 797 | 4462 | **5259** |
| 6 | Idukki | 152 | 37386 | **37538** | 399 | 20358 | **20757** |
| 7 | Ernakulam | 2666 | 18259 | **20925** | 11128 | 9121 | **20249** |
| 8 | Thrissur | 2779 | 25304 | **28083** | 5311 | 5103 | **10414** |
| 9 | Palakkad | 4081 | 23505 | **27586** | 11756 | 10868 | **22624** |
| 10 | Malappuram | 1806 | 25015 | **26821** | 1801 | 13115 | **14916** |
| 11 | Kozhikode | 977 | 14234 | **15211** | 1515 | 4924 | **6439** |
| 12 | Wayanad | 334 | 30282 | **30616** | 518 | 6826 | **7344** |
| 13 | Kannur | 1368 | 24738 | **26106** | 1054 | 11508 | **12562** |
| 14 | Kasargod | 1086 | 22258 | **23344** | 1068 | 6348 | **7416** |
| | **Total** | **28317** | **358867** | **387184** | **55593** | **134581** | **190174** |

<u>അനുബന്ധം II</u>

| ക്രമ. നം. | പദ്ധതി | വീടൊന്നിന് സബ്സിഡി നൽകുന്ന തുക | നടപ്പിലാക്കുന്ന വകുപ്പ് |
|---|---|---|---|
| 1 | സുരക്ഷ ഭവന പദ്ധതി | 25000/ - രൂപ | ഭവന നിർമ്മാണ വകുപ്പു ഭവന നിർമ്മാണ ബോർഡ് വഴി നടപ്പിലാക്കുന്നു |
| 2 | എം.എൻ ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി | എസ് റ്റി - 1.25 ലക്ഷം രൂപ എസ് സി- 1.00 ലക്ഷം രൂപ ജനറൽ - .75 ലക്ഷം രൂപ | എൽ.എസ്.ജി.ഡികൾ നടപ്പിലാക്കുന്നു. തുക സഹായ ധനമായി ഭവന നിർമ്മാണ ബോർഡ് വഴി സർക്കാർ നൽകുന്നു |
| 3 | സാഫല്യം ഭവന പദ്ധതി | 2 ലക്ഷം രൂപ | ഭവന നിർമ്മാണ വകുപ്പു ഭവന നിർമ്മാണ ബോർഡ് വഴി നടപ്പിലാക്കുന്നു. 3.50 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റ് വരുന്ന ഫ്ളാറ്റ് പാവങ്ങൾക്ക് നിർമ്മിച്ചു നൽകുന്നു. |
| 4 | കോഴിക്കോട് ബംഗ്ളാദേശ് കോളനി പുനർനിർമ്മാണം | 4.50 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റ് വരുന്ന വീട് നിർമ്മിച്ചുനൽകുന്നു. | ഭവന നിർമ്മാണ വകുപ്പു ഭവന നിർമ്മാണ ബോർഡ് വഴി നടപ്പിലാക്കുന്നു. |
| 5 | വിമുക്ത ഭടൻമാർക്കുളള ഹൗസിംഗ് സ്കീം | 1.0 ലക്ഷം രൂപ | സൈനികക്ഷേമ വകുപ്പ് സഹായ ധനമായി നൽകുന്നു |
| 6 | പട്ടിക ജാതിക്കാർക്ക് വീടില്ലാത്തവർക്കു വീടു നൽകുന്ന പദ്ധതി | 2.0 ലക്ഷം രൂപ | പട്ടിക ജാതി വികസന ഡയറക്ടറേറ്റ് സഹായ ധനമായി നൽകുന്നു |
| 7 | പട്ടിക വർഗ്ഗക്കാർക്കു വേ ണ്ടിയുളള ജനറൽ ഹൗസിംഗ് സ്കീം | 2.5 ലക്ഷം രൂപ | **പട്ടിക വർഗ്ഗ വികസന ഡയറക്ടറേറ്റ് സഹായ ധനമായി നൽ കുന്നു.** |
| 8 | പട്ടിക വർഗ്ഗക്കാർക്കു വേ ണ്ടിയുളള പി.റ്റി.ജി. ഹൗസിംഗ് സ്കീം | 2.5 ലക്ഷം രൂപ | പട്ടിക വർഗ്ഗ വികസന ഡയറക്ടറേറ്റ് സഹായ ധനമായി നൽകുന്നു |
| 9 | നാഷണൽ ഫിഷർമെൻ വെൽഫെയർ ഫണ്ട് പദ്ധതി | 2.0 ലക്ഷം രൂപ | **ഫിഷറീസ് വകുപ്പ് തുക** സഹായ ധനമായി നൽകുന്നു |
| 10 | ബീഡി തൊഴിലാളികൾക്കായുളള റിവൈസ്ഡ് ഇന്റഗ്രേറ്റഡ് ഭവന പദ്ധതി (കേന്ദ്ര സർക്കാർ പദ്ധതി) | 40,000/- | **ലേബർ വകുപ്പ് ലേബർ & വെൽഫെയർ ഓർഗനൈസേഷൻ വഴി തുക** സഹായ ധനമായി നൽ കുന്നു |

| | | | |
|---|---|---|---|
| 11 | സുനാമി ഭവന പദ്ധതി | 3-4 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റ് വരുന്ന വീട് നിർമ്മിച്ച് നൽകുന്നു. സ്വന്തമായി ഭൂമിയുള്ളവർക്ക് 2.75 ലക്ഷം രൂപ ധനസഹായം നൽകുന്നു | റവന്യൂ (ഡിസാസ്റ്റർ മാനേജ്മെന്റ്) വകുപ്പ് |
| | തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ | | |
| | പദ്ധതി | വീടൊന്നിന് നൽകുന്ന തുക | നടപ്പിലാക്കുന്ന ഏജൻസി |
| 12 | BSUP (Basic Services for Urban Poor) | എസ് റ്റി / എസ് സി- 1,08,000/- രൂപ ജനറൽ - 1,05,600/- രൂപ | കുടുംബശ്രീ മിഷൻ അക്രെഡിറ്റഡ് ഏജൻസികൾ മുഖേന ഫ്ലാറ്റ് നിർമ്മിച്ച് നൽകുന്നു. |
| 13 | ISHDP (Integrated Housing and Slum Development Programme ) | എസ് റ്റി / എസ് സി- 1,20,000/- രൂപ ജനറൽ - 1,18,000/- രൂപ | കുടുംബശ്രീ മിഷൻ അക്രെഡിറ്റഡ് ഏജൻസികൾ മുഖേന ഫ്ലാറ്റ് നിർമ്മിച്ച് നൽകുന്നു. |
| 14 | രാജീവ് ആവാസ് യോജന (RAY) | 3,50,000/- രൂപ | കുടുംബശ്രീ മിഷൻ അക്രെഡിറ്റഡ് ഏജൻസികൾ മുഖേന ഫ്ലാറ്റ് നിർമ്മിച്ച് നൽകുന്നു. |
| 15 | ഇന്ദിര ആവാസ് യോജന (IAY) | 2012-13 മുതൽ, എസ് റ്റി - 2.50 ലക്ഷം രൂപ എസ് സി / ജനറൽ - 2.00 ലക്ഷം രൂപ | ഗ്രാമ വികസന കമ്മീഷണറേറ്റ് തുക സഹായ ധനമായി നൽകുന്നു |

സെക്ഷൻ ഓഫീസർ